**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1275** **07-10-2021 - ൽ മറുപടിയ്ക്ക്**

**കാരവൻ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാര മേഖലയിൽ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കാരവൻ ടൂറിസം പദ്ധതിയുടെ വിശദവിവരങ്ങൾ നൽകാമോ; | (എ) | മഹാമാരിയുടെ പശ്ചാത്തലത്തിൽ കൂടുതൽ ശക്തമായ നിലയിൽ ടൂറിസം മേഖലയെ മാറ്റിയെടുക്കുവാനായി അവതരിപ്പിക്കുന്ന നവീന ടൂറിസം ഉൽപ്പന്നമാണ് കാരവൻ ടൂറിസം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രചാരത്തിലുള്ള കാരവൻ ടൂറിസം കേരളത്തിന് അനുയോജ്യമായ രീതിയിലാണ് സഞ്ചാരികൾക്കായി രൂപപ്പെടുത്തിയിട്ടുള്ളത്. കാരവൻ വാഹനങ്ങളും കാരവൻ പാർക്കുകളും ചേർന്നതാണ് കാരവൻ ടൂറിസം പദ്ധതി. പകൽ സമയത്ത് യാത്ര ചെയ്യുവാനും രാത്രികാലങ്ങളിൽ താമസിക്കുവാനും യോജിച്ച നിലയിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളോടെയുമാണ് കാരവനുകൾ രൂപകൽപ്പന ചെയ്യുന്നത്. സുരക്ഷിതത്വവും സൗകര്യങ്ങളും ഒത്തിണങ്ങിയ കാരവൻ പാർക്കുകളിൽ കാരവനുകൾ പാർക്ക് ചെയ്യാവുന്നതാണ്. ഈ മേഖലയിൽ നിക്ഷേപം നടത്തുന്നവർക്ക് സബ്സിഡി നൽകുവാൻ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ യോഗ്യമായ കാരവനുകൾക്ക് കാലതാമസമില്ലാതെ രജിസ്ട്രേഷൻ നടത്തുവാനും തടസ്സങ്ങളില്ലാതെ പൊതു നിരത്തുകളിലൂടെ യാത്ര ചെയ്യുവാനും മോട്ടോർ വാഹന വകുപ്പിന്റെ സഹകരണം ഉറപ്പാക്കിയിട്ടുണ്ട്. കാരവൻ ടൂറിസത്തിലേക്ക് സഞ്ചാരികളെ ആകർഷിക്കുവാൻ വേണ്ട പ്രചാരണ പ്രവർത്തനങ്ങൾ ടൂറിസം വകുപ്പ് സംഘടിപ്പിക്കും. |
| (ബി) | ഈ പദ്ധതി പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലാണോ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | വിശദാംശങ്ങൾ ഉൾപ്പെടുന്ന കാരവൻ ടൂറിസം പോളിസി തയ്യാറാക്കി വരുന്നു. |
| (സി) | സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | വിശദാംശങ്ങൾ ഉൾപ്പെടുന്ന കാരവൻ ടൂറിസം പോളിസി തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ